# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ നടപടി

6605 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, എസ് രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് പരിഗണിക്കാമെന്ന് ഉന്നതാധികാര സമിതി നേരത്തെ അഭിപ്രായപ്പെട്ടിരുന്നുവോ ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ സംയുക്ത പരിശോധന റിപ്പോർട്ട്</u>

6606 ശ്രീ.പാലോട് രവി
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നടത്തുന്ന സംയുക്ത പരിശോധനയുടെ റിപ്പോർട്ടുകൾ തമിഴ്നാട് കേരളത്തിന് നൽകാറുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(സി) റിപ്പോർട്ട് ലഭിക്കാത്തതിനെക്കുറിച്ച് ബന്ധപ്പെട്ടവർക്ക് പരാതി നൽകുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ടിൽ പരിശോധന</u>

6607 ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ കേരളത്തിന്റെ അറിവോടെയല്ലാതെ മുൻപ് പരിശോധനകൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട് ;

(സി) ഇതിന്മേൽ ഉന്നതാധികാരസമിതിക്ക് നൽകിയ പരാതിയിന്മേൽ ബന്ധപ്പെട്ടവർ എടുത്ത നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

**<u>മുല്ലപ്പെരിയാർ അണക്കെട്ടിൽ ബാർക്ക് ശാസ്ത്രജ്ഞന്മാരുടെ പരിശോധന</u>**

6608 ശ്രീ. കെ. അച്ചുതൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ 'ബാർക്ക്' ശാസ്ത്രജ്ഞന്മാർ പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തിന് വേണ്ടിയാണ് പരിശോധന നടത്തിയത് ;

(സി) ആരുടെ മേൽനോട്ടത്തിലാണ് ഉദ്യോഗസ്ഥർ പരിശോധനക്ക് എത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

മുല്ലപ്പെരിയാർ ഡാമിൽ നടക്കുന്ന പരിശോധനകൾ

6609 ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, വി.റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ നടക്കുന്ന പരിശോധനകൾ പ്രഹസനമായി മാറുന്നതായി കരുതുന്നുണ്ടോ

(ബി) ആരെല്ലാമാണ് ഇതുവരെ പരിശോധനകൾ നടത്തിയത് ; വിശദമാക്കുമോ ;

(സി) പരിശോധനയുടെ വിശദാംശങ്ങൾ സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ടിലെ കേന്ദ്ര ഏജൻസി പരിശോധന</u>

6610 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ കേന്ദ്ര ഏജൻസി പരിശോധനയ്ക്ക് എത്തിയത് സംസ്ഥാ ഗവൺമെന്റിനെ അറിയിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഉന്നതാധികാര സമിതിക്ക് പരാതി നൽകുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി</u>

6611 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ വർഷം നടത്തുവാൻ ഉശദ്ദശിക്കുന്ന പ്രവർത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുമായി സംയോജിപ്പിച്ച്കൊണ്ട് മറ്റെന്തെല്ലാം പ്രോജക്ടുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഈ വർഷം എന്തെങ്കിലും തുക ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കാഞ്ഞിരപ്പുഴ പദ്ധതിയുടെ കനാലിന്റെ ഇരുവശത്തുമുള്ള സ്ഥലം വികസന പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പേപ്പാറ ഡാമിന്റെ ഉയരം</u>

6612 ശ്രീ. ആർ. സെൽവരാജ്
,, രാജു എബ്രഹാം
,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേപ്പാറ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര മീറ്റർ;

(ബി) ഡാമിന്റെ ഉയരം വീണ്ടും വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എത്ര കുടുംബങ്ങൾ താമസിക്കുന്ന ഭൂമി വെള്ളത്തിനടിയിൽ ആവാൻ സാദ്ധ്യതയുണ്ട്;

(സി) പേപ്പാറ ഡാം ഉയരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം വിശദമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കുരിയാർകുറ്റി/കാരപ്പാറ ജലസേചന പദ്ധതി</u>

6613 ശ്രീ. എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന കുരിയാർകുറ്റി/കാരപ്പാറ ജലസേചന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നീലം കച്ചി മുതൽ കോരയാർ വരെ ജലസേചനം നടത്താനുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാധ്യതാ പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) സമിതിയുടെ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ; എങ്കിൽ മേശപ്പുറത്ത് വയ്ക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികളുടെ വിശദാംശം</u>

6614 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ എല്ലാ പ്രവൃത്തികളെയും പദ്ധതികളെയും സംബന്ധിച്ചുള്ള സാമ്പത്തികവും ഭൗതികവുമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

പനത്തുറക്കര പുലിമുട്ടു നിര്‍മ്മാണവുമായി ബന്ധപ്പെട്ട ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികള്‍

6615 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കര പുലിമുട്ടു നിര്‍മ്മാണ പദ്ധതിക്കായി ഭരണാനുമതി ലഭിച്ചതിനുശേഷം നാളിതുവരെ ജലവിഭവ വകുപ്പു സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ബി) അവയില്‍ കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്തും ഈ സര്‍ക്കാരിന്റെ കാലത്തും സ്വീകരിച്ച നടപടികളുടെ കലണ്ടര്‍ ഓഫ് ഇവന്റ്സ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പനത്തുറക്കര പുലിമുട്ടു നിർമ്മാണപ്രവർത്തിയിൽ വീഴ്ച വരുത്തിയതായി ആരോപണം</u>

6616 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കരയിൽ പുലിമുട്ടു നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് ഉദ്യോഗസ്ഥർ, എന്തു വീഴ്ചകളാണ് വരുത്തിയത്;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചത് ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ</u>

6617 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജക മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതും പുതിയതായി നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>പലകപാണ്ടി പദ്ധതി</u>

6618 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പലകപാണ്ടി പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടത്;

(സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>പയ്യന്നൂര്‍ നിയോജകമണ്ഡലത്തില്‍ ജലവിഭവ വകുപ്പിന്‍ പ്രവൃത്തികള്‍</u>

6619 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ നിയോജകമണ്ഡലത്തില്‍ ജലവിഭവ വകുപ്പിന്‍കീഴില്‍ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങള്‍ അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മലയടിവാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

6620 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പഞ്ചായത്തിലുള്ള മലയടിവാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനം ഏത് ഘട്ടംവരെയായി;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയും എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>നായര്‍കുഴി ലിഫ്റ്റ് ഇറിഗേഷന്‍ പദ്ധതി</u>

6621 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തില്‍ നായര്‍കുഴി ലിഫ്റ്റ് ഇറിഗേഷന്‍ പദ്ധതി പ്രാവര്‍ത്തികമാക്കണമെന്ന് ആവശ്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ഇത് സംബന്ധമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

6622 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ആന്യം പാടത്തെ 150 ഏക്കർ നെൽവയൽ കൃഷിയോഗ്യമാക്കാൻ ഇരുവഴിഞ്ഞിപ്പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കൽ കുളം നവീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആന്യം പാടത്തെ കൃഷി സംരക്ഷിക്കുന്നതിനായി അമ്പലക്കണ്ടി മുതൽ സൗത്ത് കൊടിയത്തൂർവരെ തോടിന്റെ സൈഡ് കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജകമണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ്</u>

6623 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ മാവുള്ള പൊയിൽ തോടിനു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കരിങ്കുഴി തോടിനു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന വിയർ കം ബ്രിഡ്ജ്

6624 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കാങ്കോൽ - ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ കരിങ്കുഴി തോടിനു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്നു വിയർ കം ബ്രിഡ്ജിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>തോടുകളുടെ നവീകരണം</u>

6625 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി - ആലപ്പുഴ , കോട്ടയം- ആലപ്പുഴ, കോട്ടയം- വൈക്കം തോടുകൾ നവീകരിക്കുന്ന പദ്ധതി ലോകബാങ്കിന്റെ സഹായം ലഭിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നോ;

(ബി) ചങ്ങനാശ്ശേരിയിൽ ഒരു ബാർജ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഈ പദ്ധതിയിൽ ഉണ്ടായിരുന്നോ;

(സി) പദ്ധതികളുടെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ;

(ഡി) ലോകബാങ്കിന്റേയോ പ്രധാനപ്പെട്ട ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിന്റേയോ സഹായം ലഭ്യമാക്കി ഈ ജോലികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>പ്രധാന ശുദ്ധജലപദ്ധതികൾ</u>

6626 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദികളെ ആശ്രയിച്ച് നടത്തുന്ന പ്രധാന ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) വേനൽകാലങ്ങളിൽ ശുദ്ധജലവിതരണത്തിന് പ്രസ്തുത പദ്ധതികളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ടോ;

(സി) ഗ്രാമപ്രദേശങ്ങൾ പഞ്ചായത്തുകളുമായി സഹകരിച്ച് ഇത്തരം കൂടുതൽ പദ്ധതികൾ പരിഗണിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

ശുദ്ധജലതടാക നവീകരണവും സംരക്ഷണവും

6627 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ നവീകരണത്തിനും സംരക്ഷണത്തിനുമായി നടന്ന പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നാശോന്മുഖമായ ശുദ്ധജലതടാകങ്ങളുടെ പട്ടിക സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ശുദ്ധജല തടാകങ്ങളെ മലിനമാക്കുന്ന തരത്തിലുള്ള ടൂറിസം പദ്ധതികളും മറ്റു പ്രവർത്തനങ്ങളും തടയുന്നതിന് സർക്കാർ നടപടിയെടുക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>വെള്ളക്കരം - കംപ്യൂട്ടർ ബില്ലിംഗ് സംവിധാനം</u>

6628 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം ഒടുക്കുന്നതിന് കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനങ്ങൾ എവിടെയെല്ലാമുണ്ട്; കൂടുതൽ ഓഫീസുകളിലേക്ക് ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഓൺലൈൻ സംവിധാനത്തിലൂടെ തുക അടയ്ക്കുന്നതിനും മുൻകൂർ ഒന്നിച്ചടയ്ക്കുന്നവർക്ക് ഇളവുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട്</u>

6629 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശമ്പള പരിഷ്കരണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(സി) ജീവനക്കാരുമായി ഇതു സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തി ശമ്പള പരിഷ്കരണം എത്രയും വേഗം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ജല അതോറിറ്റിയിലെ ആശ്രിത നിയമനങ്ങൾ

6630 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് 31-ന് ജല അതോറിറ്റിയിൽ നിന്നും എത്ര ജീവനക്കാർ വിരമിക്കുന്നുണ്ട് ;

(ബി) ജല അതോറിറ്റിയിൽ 2005 മുതൽ ഈ വർഷം (2011) സെപ്തംബർ വരെ ആശ്രിത നിയമനം വഴി ഏതെല്ലാം തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട് ; അതിന്റെ എണ്ണം പട്ടികയായി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വകുപ്പിൽ ആശ്രിത നിയമനം പ്രതീക്ഷിച്ച് എത്ര അപേക്ഷകൾ 2011 സെപ്തംബർ വരെ ഏതെല്ലാം തസ്തികയിൽ തീർപ്പാകാതെ കിടപ്പുണ്ട് ;

(ഡി) ക്ലാർക്ക്, ടൈപ്പിസ്റ്റ്, സി.എ. ഡ്രൈവർ, ലാസ്റ്റ് ഗ്രേഡ്, ഓവർസീയർ, ഫിറ്റർ, മീറ്റർ റീഡർ പ്ലംബർ തുടങ്ങിയ വിവധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

കെ. ഡബ്ല്യു.എ യിലെ പ്രമോഷൻ

6631 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 31.3.2011 ൽ എത്ര യു.ഡി. ക്ലാർക്കുമാർ, സീനിയർ എ.ഒ. മാർ എന്നിവർ വിരമിച്ചു;

(ബി) വാട്ടർ അതോറിറ്റിയിൽ അർഹമായ പ്രൊമോഷൻ പോസ്റ്റുകൾ 31.3.2011 ന് മുൻപ് ഒഴിച്ചിട്ടിരുന്നുവോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതു കാരണം എൽ.ഡി.സി. നിയമനം കെ.ഡബ്ല്യു.എ യിൽ തടസ്സപ്പെട്ടിട്ടുണ്ടോ; വിശദമാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രൊമോഷൻ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ ഒഴിച്ചിട്ടിരുന്നതു മൂലം ജീവനക്കാർക്കുണ്ടായ പ്രൊമോഷൻ നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിന് കാരണക്കാരായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ഇറിഗേഷൻ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം

6632 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(ബി) ഒന്നിലധികം വകുപ്പ് തലവന്മാർ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാൽ ജീവനക്കാർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള ചുമതല ചഫ് എഞ്ചിനീയറിൽ (ഐ&എ) നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മൈനർ ഇറിഗേഷനിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി</u>

6633 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിലെ എച്ച്.ആർ.സി. എൽ.ആർ, എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ മുൻ സർക്കാർ എടുത്ത തീരുമാനം വകുപ്പു മേലധികാരിളുടെ താത്പര്യക്കുറവുമൂലം ഇതുവരെ നടപ്പാക്കപ്പെട്ടിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദീർഘകാലമായി മൈനർ ഇറിഗേഷൻ പ്രോജക്ട് വർക്കുകൾ ചെയ്തുവന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി അടിയന്തിരമായി സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>എടത്വയിലെ വാട്ടർ അതോറിട്ടി ഒഴിവുകൾ</u>

6634 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യു.എ.യുടെ കുട്ടനാട്ടിലെ എടത്വ സബ്ഡിവിഷൻ ഓഫീസുകളിലും എടത്വ, കിടങ്ങറ സെക്ഷൻ ഓഫിസുകളിലും നിലവിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ സമയബന്ധിതമായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>തടയണയുടെ പരിപാലനത്തിനായി നിയമിച്ച ജീവനക്കാർ</u>

6635 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന തിരുവല്ലം പരശുരാമക്ഷേത്രത്തിനു സമീപത്തായി നിർമ്മിച്ചിരിക്കുന്ന തടയണയുടെ പരിപാലനത്തിനായി എത്ര ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ മേജർ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ അനുതി നൽകിയിട്ടുണ്ട് ;

(ബി) അനുമതി നൽകിയിട്ടില്ല എങ്കിൽ എന്തു കൊണ്ട് എന്നറിയിക്കാമോ ;

(സി) ഇത്തരത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാർ പ്രസ്തുത ജോലിയിൽ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് കൃത്യമായി വേതനം നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തു കൊണ്ട് ;

(ഇ) പ്രസ്തുത ജോലികൾക്കായി ജീവനക്കാരെ നിയമിക്കുന്നതു
തടഞ്ഞുകൊണ്ടുള്ള ഏതെങ്കിലും കോടതിവിധി നിലവിലുണ്ടോ ;

(എഫ്) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ആശ്രിത നിയമനത്തിനുള്ള അപേക്ഷ</u>

6636

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്പറ്റ കെ.ആർ.പി. സബ്ഡിവിഷനിലെ എസ്.എൽ. ആർ. വർക്കർ കെ. ആനന്ദൻ മരണപ്പെട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായി ആനന്ദന്റെ ബന്ധുക്കൾ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷകന്റെ പേരും അപേക്ഷിച്ചത് എപ്പോഴെന്നുമുള്ള വിവരം നൽകുമോ;

(സി) അപേക്ഷകന് ജോലി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) അപേക്ഷകന് എപ്പോൾ ജോലി നൽകുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

**കടൽഭിത്തി നിർമ്മാണം**

6637 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കുത്തംവള്ളി കടപ്പുറത്ത് കടൽ ക്ഷോഭത്തിൽ വൻ നാശനഷ്ടമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടൽക്ഷോഭം പ്രതിരോധിക്കാൻ പ്രസ്തുത പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>തീരദേശങ്ങൾ സംരക്ഷിക്കാൻ നടപടി</u>

6638

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ശക്തമായ കരയിടിച്ചിൽ ഭീഷണി നേരിടുന്ന വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ തീരദേശങ്ങൾ സംരക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കമാന്റ് ഏരിയാ വികസന പരിപാടികൾ</u>

6639 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയാ വികസന പരിപാടികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഗുണഭോക്താക്കൾക്ക് കൂടുതൽ പങ്കാളിത്തം ഉണ്ടാക്കത്തക്കവിധം ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്;

(സി) ഈ പരിപാടി നിലവിലുള്ള ഏതെല്ലാം പദ്ധതികളിലാണ് നടപ്പാക്കിവരുന്നത്;

(ഡി) ജലവിനിയോഗ സമിതികളുടെ രൂപീകരണം സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കൃഷിക്കാർക്ക് സൗജന്യ കുഴൽകിണർ</u>

6640 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) 2010-2011 സാമ്പത്തിക വർഷത്തിൽ വകുപ്പ് നേരിട്ട് എത്ര കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കുഴൽ കിണറുകൾക്കായി കർഷകർക്ക് എന്തെങ്കിലും സൗജന്യം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പുരയിടങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി കുഴൽ കിണർ നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ജലനിരപ്പിലെ വ്യതിയാനം</u>

6641 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂജലനിരപ്പിലെ വ്യതിയാനങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് ഭൂജല വകുപ്പ് എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിനായി എത്ര നിരീക്ഷണ കിണറുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വാട്ടർ ലെവൽ നിരീക്ഷണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിൽ നിന്നും കഴിഞ്ഞ 5 വർഷത്തെ ലെവലിൽ വ്യതിയാനം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി</u>

6642 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴ്ന്നുപോകുന്ന സാഹചര്യം നിലവിലുണ്ടോ;

(ബി) എങ്കിൽ ജലം റീചാർജ്ജ് ചെയ്യുന്നതിനായി മഴവെള്ളം ഉപയോഗപ്പെടുത്തും വിധമുള്ള ശാസ്ത്രീയ പദ്ധതികൾ ഗ്രാമീണ മേഖലയിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുമോ;

(സി) സർക്കാർ സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കുഴൽക്കിണറുകൾക്ക് നിയന്ത്രണം</u>

6643

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലനിരപ്പ് അപകടകരമാം നിലയിൽ താഴ്ന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ അനിയന്ത്രിതമാംവിധം കുഴൽക്കിണറുകൾ കുഴിക്കുന്നത് തടയുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം പ്രദേശങ്ങളിൽ നിലവിലുള്ള കിണറുകളിലെ വെള്ളം വറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥലങ്ങളിൽ കുഴൽക്കിണർ കുഴിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പെപ്സി കമ്പനിയുടെ ജലചൂഷണം</u>

6644 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെപ്സി കമ്പനിയുടെ ജലചൂഷണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രോജക്ടുകൾ</u>

6645 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എന്തെല്ലാം പ്രോജക്ടുകൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിവരുന്നത്; അതിനായി എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്;

(സി) കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ഡി) മഴവെള്ളക്കൊയ്ത്തിനായുള്ള ആർ. ഡബ്ല്യൂ. എച്ച്. യൂണിറ്റുകൾ ഒറ്റപ്പാലം മണ്ഡലത്തിൽ എത്രയെണ്ണം നിർമ്മിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കിണറുകൾ റീ ചാർജ് ചെയ്യുന്ന പദ്ധതി പ്രകാരം എത്ര കിണറുകൾ റീ ചാർജ് ചെയ്യുന്നതിനായി എന്തു തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>മലബാറിലെ ജലാശയതീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി</u>

6646 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമുഴി റിസർവോയർ പരിസരത്തെ കര്യാത്തൻപാറ പുഴയോരം സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ ജലവിഭവ വകുപ്പ് തയ്യാറാകുമോ;

(ബി) മലബാറിലെ പ്രധാന ടൂറിസം കേന്ദ്രമായ കക്കയത്തെ ഈ മനോഹര ജലാശയ തീരങ്ങൾ ആകർഷകമായ വിധം സംക്ഷിക്കുന്നതിന് ടൂറിസം വകുപ്പുമായി സഹകരിച്ച് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>'മഴപ്പൊലിമ' പദ്ധതി</u>

6647 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ ജില്ലാ ഭരണകൂടം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'മഴപ്പൊലിമ' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി സർക്കാർ പ്രഖ്യാപിച്ച തുക എത്രയാണ്; അതിൽ എന്തു തുക അനുവദിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് ബാക്കി നൽകേണ്ട തുക എന്ന് അനുവദിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

വെള്ളക്കര വര്‍ദ്ധനവ്

6648 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം വെള്ളക്കരം കൂട്ടുന്നതു സംബന്ധിച്ച് വാട്ടര്‍അതോറിറ്റി ബോര്‍ഡ് യോഗം സര്‍ക്കാ.രിന് ശുപാര്‍ശ നല്‍കിയിട്ടുണ്ടോ; എങ്കില്‍ എന്നാണ്; ജലഅതോറിറ്റി സര്‍ക്കാരിന് നല്‍കിയ ശുപാര്‍ശപ്രകാരം വെള്ളക്കരം വര്‍ദ്ധിപ്പിക്കേണ്ടതിന് എന്തുകാരണമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്;

(ബി) ഇപ്പോള്‍ വാട്ടര്‍ അതോറിറ്റി മുഖെനയുള്ള കുടിവെള്ളത്തിന് നല്‍കുന്ന ചാര്‍ജ് എന്നു മുതലാണ് ഈടാക്കിവരുന്നത്;

(സി) വാട്ടര്‍ അതോറിറ്റിക്ക് എത്ര തുകയാണ് ഇനിയും പിരിഞ്ഞുകിട്ടാനുള്ളത്?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ഭൂഗർഭ ജല റീചാർജ്ജിങ്ങിനുള്ള പദ്ധതികൾ

6649 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കുടിവെള്ള പദ്ധതികളെല്ലാം തന്നെ പ്രധാനമായും ആശ്രയിക്കുന്നത് ഭൂഗർഭജലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രധാന കുടിവെള്ള പദ്ധതികളായ ജലനിധി, മറ്റു കുടിവെള്ള പദ്ധതികൾ എന്നിവയിൽ ശരിയായ രീതിയിലുള്ള ഭൂഗർഭ ജല റീചാർജ്ജിംഗിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കുപ്പിവെള്ള വിതരണം</u>

6650 ശ്രീ. ലൂഡി ലൂയിസ്
,, റ്റി. എന്‍. പ്രതാപന്‍
,, എം. എ. വാഹീദ്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

കുടിവെള്ളം കുപ്പിയിലാക്കി വിതരണം ചെയ്ത് ഇതിലൂടെ ലഭിക്കുന്ന ലാഭം ഉപയോഗിച്ച് പൈപ്പ് മുഖേനയുള്ള കുടിവെള്ള ജലവിതരണത്തിനുള്ള ചാര്‍ജ് വര്‍ദ്ധിപ്പിക്കാതെ തന്നെ പുതിയ പദ്ധതികള്‍ തയ്യാറാക്കി വാട്ടര്‍ അതോറിറ്റി മുന്നോട്ട് പോകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

എൻ. സി. പി. സി. കുടിവെള്ള പദ്ധതികൾ

6651 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി എൻ.സി.പി.സി പദ്ധതി പ്രകാരം എത്ര കുടിവെള്ളപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഇത്തരം പദ്ധതികളുടെ വൈദ്യുതി ചാർജ് അടക്കേണ്ടതുമൂലം ഗുണഭോക്താക്കൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യൂതി ചാർജ് അടക്കാത്തത് മൂലം കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പദ്ധതികളുടെ വൈദ്യുതി ചാർജ് അടക്കാൻ പദ്ധതി ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

ജല അതോറിറ്റിയുടെ പ്രവർത്തനം

6652 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുടിവെള്ള വിപുലീകരണ പദ്ധതികൾക്കായി ഭാരിച്ച തുക വായ്പയെടുക്കുന്നതും യഥാസമയം പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാതെ കിടക്കുന്നതും സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പതിനായിരക്കണക്കിന് വാട്ടർ മീറ്ററുകൾ വർഷങ്ങളായി കേടായിക്കിടക്കുകയാണെന്നും അത് മാറ്റി യഥാസമയം കുടിശ്ശിക പിരിക്കുന്നതിൽ ജല അതോറിറ്റി വീഴ്ച വരുത്തുകയാണെന്നമുള്ള ആക്ഷേപം പരിശോധിക്കുമോ;

(ഇ) ജല അതോറിറ്റിയുടെ അനാസ്ഥ കൊണ്ട് പൈപ്പ് പൊട്ടിയും നിർമ്മാണ കരാർ മൂലവും വൻതോതിൽ ശുദ്ധജലം പാഴാകുന്ന സ്ഥിരം സ്ഥിതിവിശേഷം തുടരുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജല അതോറിറ്റിയുടെ അനാസ്ഥ ഒഴിവാക്കാനും കാര്യക്ഷമമായി ജല അതോറിറ്റിയെ പുന:സംഘടിപ്പിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>തീരദേശ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം</u>

6653 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്ജ്
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) ഇതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിലവിലുള്ള കേന്ദ്ര പദ്ധതികളുമായി സഹകരിച്ച് ഇതിന് പരിഹാരം കാണാൻ സത്വര നടപടികൾ എടുക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>പൂക്കുളം - താന്നിവിള ഭാഗത്തെ കുടിവെള്ളക്ഷാമം</u>

6654 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ തിരുവല്ലം സെക്ഷന്റെ പരിധിയിൽ വരുന്ന പൂക്കുളം - താന്നിവിള ഭാഗത്തെ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബുധൻ, ശനി ദിവസങ്ങളിൽ മാത്രം വെള്ളം ലഭിക്കുന്ന പ്രസ്തുത പ്രദേശത്ത് ചില ഭാഗങ്ങളിൽ മാത്രമാണ് പ്രസ്തുത ദിവസങ്ങളിലും വെള്ളം ലഭിക്കുന്നതെന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ഗ്രൗണ്ട് വാട്ടർ അതോറിറ്റി</u>

6655 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടർ അതോറിറ്റി നിലവിലുണ്ടോ;

(ബി) ഗ്രൗണ്ട് വാട്ടർ അതോറിറ്റി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നോ; ഇല്ലെങ്കിൽ എപ്പോഴാണ് അതോറിറ്റി പ്രവർത്തനരഹിതമായത്;

(സി) എന്തുകൊണ്ടാണ് അതോറിറ്റി തുടർന്നും രൂപീകരിക്കാത്തത്;

(ഡി) അതോറിറ്റി രൂപീകരിക്കാത്തതിനാൽ ചെറുകിട വ്യവസായങ്ങളും ഇതരസംരംഭങ്ങളും ഉൾപ്പെടുന്ന നിരവധി ഫയലുകൾ അംഗീകാരത്തിനായുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതോറിറ്റി രൂപീകരിക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ശുദ്ധജല ലഭ്യത</u>

6656 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക ജലസ്രോതസ്സുകളും ജലസംഭരണികളും അന്യാധീനപ്പെടുന്നതുകൊണ്ട് ശുദ്ധജല ലഭ്യത കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജല ലഭ്യത ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ജല സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങൾ എന്തൊക്കെയാണ്.;

(ഡി) ശുദ്ധജലാവകാശ നിയമം നടപ്പാക്കുവാൻ തയ്യാറാകുമോ;

(ഇ) ശുദ്ധജല സംരക്ഷണത്തിന് നിയമപരിരക്ഷ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുവാൻ വിദഗ്ദ്ധരുടെ ശിൽപശാല സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>വെള്ളക്കരം കുടിശ്ശിക</u>

6657

ശ്രീ. എളമരം കരീം
,, കെ. വി. അബ്ദുൾഖാദർ
,, വി. ചെന്താമരാക്ഷൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട ഹോട്ടലുകളും വ്യാപാര വാണിജ്യ സ്ഥാപനങ്ങളും വൻതുക വെള്ളക്കരം കുടിശ്ശിക വരുത്തുന്നതുമൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം സർക്കാർ വകയിരുത്തിയിട്ടുണ്ടോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വൻകിടക്കാർക്ക് വലിയ തുക കിഴിവ് നൽകുകയും ചെറുകിട ഗാർഹിക ഉപഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്ന നടപടിയുണ്ടായിട്ടുണ്ടോ;

(സി) വൻതുക കുടിശ്ശിക വരുത്തിയതിനു ശേഷം പണമടക്കാതെ ലൈൻ വിച്ഛേദിക്കുകയും പിന്നീട് പുതിയ കണക്ഷൻ എടുക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

6658 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എതെല്ലാം നഗരങ്ങളിലാണ് ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കിവരുന്നത് ;

(ബി) ഈ പദ്ധതിയുടെ സാങ്കേതികവശങ്ങളിൽ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ടോ;

(സി) പദ്ധതിയുടെ ഭാഗമായുള്ള ശുചീകരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്റെ ചുമതല ആർക്കാണ്;

(ഡി) ഈ പദ്ധതി തുടങ്ങി എത്ര കാലത്തിനുളളിൽ പരിശീലനം നൽകണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുളളത്; കരാർ പ്രകാരമുളള പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജല വിതരണ പദ്ധതി</u>

6659 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ.ബി.ഐ.സി. പദ്ധതിയുടെ ഭാഗമായ മീനാട് ശുദ്ധജലവിതരണ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെളളം ലഭ്യമാക്കുവാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുളളത്;

(ബി) അപേക്ഷ ക്ഷണിച്ചതനുസരിച്ച് എത്ര കുടുംബങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്നു; അപേക്ഷിച്ച ഗുണഭോക്താക്കളിൽ എത്രപേർ കണക്ഷൻ ലഭിക്കുന്നതിലേക്കായി തുക അടച്ചിട്ടുണ്ട്;

(സി) വീണ്ടും അപേക്ഷ ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ഡി) അപേക്ഷ നൽകി തുക അടച്ച എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്; ശേഷിക്കുന്നവർക്ക് എന്ന് കണക്ഷൻ നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ</u>

6660 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ.ബി.ഐ.സി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത ലൈൻ ഇനി എത്ര ദൂരം സ്ഥാപിക്കുവാനുണ്ടെന്നും, ആയത് ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അറിയിക്കുമോ;

(സി) വിവിധ പഞ്ചായത്തുകളുടെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുവാനുള്ള പണി അവശേഷിക്കുന്ന വിവരം അറിയുമോ; എങ്കിൽ ഏതെങ്കിലും ഗ്രാമപഞ്ചായത്തോ, പ്രദേശത്തോ, പൂർണ്ണമായും ലൈൻ സ്ഥാപിക്കുവാൻ ശ്രദ്ധിക്കുമോ;

(ഡി) പ്രസ്തുത ലൈനിന്റെ പണി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; അതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>

6661 ശ്രീ. എ. പ്രദീപ് കുമാർ
,, എ. എം. ആരിഫ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) റെയിൽവേ ക്രോസിംഗ് അനുമതി കിട്ടുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന തടസ്സങ്ങളും കാലതാമസവും പരിഹരിക്കുന്നതിന് സർക്കാർതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കോഴിക്കോട്, തിരുവനന്തപുരം, ചേർത്തല പദ്ധതികളുടെ സർവ്വീസ് റിസർവോയറുകൾ നിർമ്മിക്കുന്നതിൽ ഉണ്ടായ കാലതാമസം പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതി സ്വകാര്യവൽക്കരിക്കാൻ നീക്കം

6662 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ളപദ്ധതി സ്വകാര്യവൽക്കരിക്കാൻ ജല അതോറിറ്റി നീക്കം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

6663 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ജപ്പാന്‍ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്

6664 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജപ്പാന്‍ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് സ്വകാര്യവത്ക്കരിക്കാന്‍ എന്തെങ്കിലും നടപടി ഈ സര്‍ക്കാര്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായുള്ള പരിശീലനം ജലവിഭവ വകുപ്പിലെ ജീവനക്കാര്‍ക്ക് നല്‍കിയിട്ടുണ്ടോ;

(സി) പരിശീലനം നല്‍കിയിട്ടില്ലെങ്കില്‍ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംവിധാനം പ്രവര്‍ത്തിപ്പിക്കുന്നതിന് ജീവനക്കാര്‍ക്ക് സമയബന്ധിതമായി പരിശീലനം നല്‍കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ജലസംഭരണികളിൽ നിന്നുള്ള പമ്പിംഗ്

6665 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. സഹായത്തോടെ കുടിവെള്ള പദ്ധതി നടപ്പാക്കുന്ന ഗ്രാമീണ മേഖലകളിലെ ജല അതോറിറ്റിയുടെ ജലസംഭരണികളിൽ നിന്നും പമ്പിംഗ് നിർത്തലാക്കുവാൻ നീക്കങ്ങൾ നടക്കുന്നുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ</u>

6666 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാനും ജനങ്ങൾ ശുദ്ധമായ ജലം കുടിക്കുന്നു എന്നുറപ്പുവരുത്തുവാനുമുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഇവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; കേരളത്തിൽ ജനങ്ങൾ ഉപയോഗിക്കുന്ന കുടിവെള്ളം ഏറ്റവും മോശമാണെന്നു കണ്ടെത്തിയിട്ടുള്ള മേഖല ഏതെല്ലാമാണ്;

(ബി) കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് സർക്കാർ നിലവിൽ പ്രയോഗിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരമുള്ള ജല ശുദ്ധീകരണ പ്രക്രിയകൾക്ക് ഉപയോഗിക്കുന്ന രാസവസ്തുക്കൾ ഏതെങ്കിലും വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ജനങ്ങളിൽ ഉണ്ടാക്കുന്നുണ്ടോ എന്നകാര്യം പരിശോധിക്കാറുണ്ടോ; ഈ പ്രശ്നം എപ്രകാരമാണ് പരിഹരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

6667 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികൾ സംബന്ധിച്ചാണ് സർവ്വേ നടത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിലവിലെ കുടിവെള്ള വിതരണ പദ്ധതികളിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പ്രോജക്ടുകൾ ആണ് പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

ഷൊർണ്ണൂർ മണ്ഡലത്തിലെ കുടിവെള്ള
പദ്ധതികൾ

6668 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ പൂർത്തിയാകാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

കറുകുറ്റി - മൂക്കന്നൂർ കുടിവെള്ള പദ്ധതി

6669 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മൂക്കന്നൂർ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കുവാനുള്ളത്;

(സി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>എസ്. എൽ. എസ്.സി. പദ്ധതി</u>

6670 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ വാട്ടർ അതോറിറ്റി എസ്.എൽ.എസ്.സി പദ്ധതിയിൽ ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) കിഴക്കേടത്ത്, മടവൂർ ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പ്രവർത്തി തുടങ്ങാൻ കാലതാമസം നേരിടുന്നുത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കാലം കൊണ്ട് പദ്ധതി ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ജലവിതരണം</u>

6671 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവമ്പാടി കക്കടവ് പമ്പ് ഹൗസിലെ മോട്ടോര്‍ ശക്തി വര്‍ദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്‍മേല്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ;

(ബി) കക്കടവ് പമ്പ് ഹൗസില്‍ രാത്രികാല പമ്പിംഗിന് ഓപ്പറേറ്ററെ നിയമിക്കാന്‍ അനുമതി നല്‍കുമോ;

(സി) വെസ്റ്റ് മാമ്പറ്റയിലെ നിലവിലുള്ള കുഴല്‍കിണറില്‍ ജലദൗര്‍ലഭ്യം ഉള്ളതിനാല്‍ കുഴല്‍ കിണറിന്റെ ആഴം വര്‍ദ്ധിപ്പിക്കുന്നതിന് അനുമതി നല്‍കുമോ;

(ഡി) മേല്‍ കാര്യങ്ങളില്‍ ആവശ്യമായ നടപടി സ്വീകരിക്കുവാന്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ക്ക് നിര്‍ദേശം നല്‍കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി</u>

6672 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലനിധി പദ്ധതി നടത്തിപ്പിനുള്ള എൻ.ജി.ഒ. കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുടിവെള്ളക്ഷാമം</u>

6673 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കിഴുവിലം, അഴൂർ, മുദാക്കൽ, മംഗലപുരം, കഠിനംകുളം എന്നീ പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള സംവിധാനം അപര്യാപ്തമായതിനാൽ, ഈ എട്ട് പഞ്ചായത്തുകളിലും കടുത്ത ജലക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ഇത് പരിഹരിക്കുന്നതിനായി ഏതെല്ലാം ജലസംഭരണവിതരണ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അത് ഏതെല്ലാം പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുതകുമെന്നും, അവ എന്നുമുതൽ പ്രവർത്തന സജ്ജമാകുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കാവാലം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം</u>

6674 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവാലം ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു ടാപ്പുകളിലും സ്വകാര്യ ടാപ്പുകളിലും കുടിവെള്ളം ലഭ്യമാകുന്നില്ല എന്ന പരാതികളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വെള്ളം ലഭിക്കാത്ത സ്വകാര്യ ടാപ്പുകൾക്കും വെള്ളക്കരം ഈടാക്കുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

താനൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ
കുടിവെള്ള പദ്ധതികൾ

6675

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഇപ്പോൾ പ്രവർത്തിച്ചുവരുന്നതും കെ.ഡബ്ല്യു.എ. യുടെ പരിഗണനയിൽ ഉള്ളതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങളും അവ ഓരോന്നിന്റേയും പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; അവ നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതി</u>

6676 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് മറവൻ തുരുത്ത്, വെള്ളൂർ തുടങ്ങിയ പഞ്ചായത്തുകളിലായി ഉയർന്നുവന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആകെ എത്ര മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്;

(ബി) ഏതെല്ലാം ജനപ്രതിനിധികൾ ഏതെല്ലാം ദിവസങ്ങളിൽ ചേർന്ന മീറ്റിംഗുകളിൽ ഹാജരായിട്ടുണ്ട്; യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

വൈക്കം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികള്‍

6677 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തില്‍ മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന തലയാഴം കുടിവെള്ള പദ്ധതി, വെള്ളൂര്‍ - വെളിയന്നൂര്‍ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്തെന്നും ഈ പദ്ധതിയിലൂടെ ഏതൊക്കെ പഞ്ചായത്തുകളിലെ ജനങ്ങളാണ് ഗുണഭോക്താക്കളായി വരുന്നത് എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഏതൊക്കെ പഞ്ചായത്തുകളില്‍ കുടിവെള്ള പൈപ്പുകള്‍ സ്ഥാപിച്ചിട്ടുണ്ട് എന്നും ഏതൊക്കെ ഇടങ്ങളില്‍ ഇനി സ്ഥാപിക്കാനുണ്ട് എന്നും പൈപ്പുകള്‍ സ്ഥാപിക്കുന്ന നടപടികള്‍ ഏതൊക്കെ പഞ്ചായത്തുകളില്‍ പുരോഗമിക്കുന്നു എന്നും പുതുതായി പൈപ്പുകള്‍ സ്ഥാപിക്കുന്ന പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഏതെങ്കിലും ഘട്ടം നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിക്കാനുണ്ടോ എന്നും എങ്കില്‍ ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം എന്താണെന്നും തടസ്സങ്ങള്‍ നീക്കി ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികള്‍ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

6678 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കാനാറ കുടിവെള്ള പദ്ധതിയുടേയും (പഴയകുന്നുമെൽ പഞ്ചായത്ത്), ദേവേശ്വരം കുടിവെള്ള പദ്ധതി (കിളിമാനൂർ പഞ്ചായത്ത്) യുടേയും നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്നാണ് അനുമതി നൽകിയത്;

(സി) പദ്ധതികളുടെ അടങ്കൽ തുക എത്രവീതമാണ്;

(ഡി) ഓരോ പദ്ധതിയും എത്ര കുടുംബങ്ങൾക്കുവീതം കുടിവെള്ളം ലഭ്യമാക്കും;

(ഇ) പദ്ധതികളുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്;

(എഫ്) പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നത് കെ.ഡബ്ല്യൂ.എ. ആണോ; അല്ലെങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(ജി) പദ്ധതികളുടെ ഫണ്ട് എവിടെനിന്നാണ് ലഭിക്കുന്നത്; എന്ന് പണി പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം</u>

6679 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പൂമരത്തും കൊല്ലി, മുത്തപ്പൻപുഴ, ആനക്കാംപൊയിൽ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ലക്ഷ്യമിട്ട് നൽകിയ പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കുമോ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമാണെന്നത് കണക്കിലെടുത്ത് പദ്ധതിക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>ചീക്കോട് കുടിവെള്ള പദ്ധതി</u>

6680 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര പുതിയ ടെണ്ടറുകളാണ് ക്ഷണിച്ചിരിക്കുന്നത്;

(സി) ഇതിനകം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിച്ച ശുദ്ധീകരണ ശാലയുടേത് ഉൾപ്പെടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ഡി) ചീക്കോട് കുടിവെള്ള പദ്ധതി എന്ന് ടെണ്ടർ ചെയ്യാൻ കഴിയും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

വടശ്ശേരിക്കര-റാന്നി-പഴവങ്ങാടി മേജർ കുടിവെള്ള പദ്ധതി

6681 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കര-റാന്നി-പഴവങ്ങാടി മേജർ കുടിവെള്ള പദ്ധതിയുടെ 2-ാം ഘട്ടത്തിന് എത്ര കോടി രൂപയുടെ പദ്ധതികളാണ് എസ്.എൽ.ഇ.സി. അംഗീകാരം നൽകിയിട്ടുളളത്; എന്നാണ് എസ്.എൽ.ഇ.സി. യുടെ പദ്ധതിക്ക് അംഗീകാരം നൽകിയത് എന്നറിയിക്കുമോ;

(ബി) ഇതിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം യു. ഡി. ഐ. സി. എസ്. എസ്. എം.ടി പ്രോജക്ട്</u>

6682 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരവാസികൾക്കായുളള യു. ഡി. ഐ. സി. എസ്. എസ്. എം.ടി പ്രോജക്ടിന്റെ കാലിക സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) പ്രോജക്ടിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരണം നൽകാമോ;

(ഡി) പ്രോജക്ട് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും;

(ഇ) 2011 ഡിസംബർ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ എന്തെല്ലാം ആക്ഷൻ പ്ലാനാണ് ആവിഷ്കരിച്ചതെന്ന് വിശദീകരിയ്ക്കാമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ</u>

6683 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാന്നാർ, കുരട്ടിശേരി, ചെന്നിത്തല, തൃപ്പെരുംതുറ എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിലേക്ക് ശുപാർശ ചെയ്തിട്ടുളള പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ച് കരാർ നിജപ്പെടുത്തിയിട്ടും നാളിതുവരെ പ്രാരംഭ പ്രവൃത്തികൾ പോലും ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസത്തിനുളള കാരണം വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്ടിന്റെ പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും സ്കെച്ചിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ പ്രവൃത്തി കാലവിളംബം കൂടാതെ അടിയന്തിരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ചെറിയനാട് പഞ്ചായത്തിലെ കുടിവെളള പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതികളുടെ സ്കെച്ച്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) പ്രവൃത്തികളുടെ നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസത്തിനുളള കാരണം എന്താണെന്ന് വിശദമാക്കുമോ;

(എച്ച്) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം</u>

6684 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന പദ്ധതികൾ ഉണ്ടോ; എങ്കിൽ ഏത്; എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) മാവേലിക്കര നഗരസഭയ്ക്കായി മുൻ സർക്കാർ അനുവദിച്ച കുടിവെള്ള ശുദ്ധീകരണ പ്ലാന്റിന്റ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ത് തടസ്സമാണുള്ളതെന്നും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

### <u>പ്ലാച്ചിമട നിവാസികൾക്ക് കുടിവെള്ളം</u>

6685 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ.കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലുള്ള കുടിവെള്ളം മലിനപ്പെട്ടതായി ജയകുമാർ സമിതി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പ്ലാച്ചിമടയിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

ചന്തിരൂർ പുത്തൻതോട് മാലിന്യ വിമുക്തമാക്കാൻ നടപടി

6686

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റിൽ നിന്നും മത്സ്യസംസ്കരണ ശാലകളിൽ നിന്നും ചന്തിരൂർ മാർക്കറ്റിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ അടിഞ്ഞ് അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻതോട് മാലിന്യ കൂമ്പാരമായി ദുർഗന്ധം വമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2007 ൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന ചന്തിരൂർ പുത്തൻതോട് 50 ലക്ഷം രൂപ മുടക്കി മാലിന്യ വിമുക്തമാക്കിയെങ്കിലും വീണ്ടും മലീമസമായിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് മാലിന്യം നീക്കം ചെയ്ത് ആഴം കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകളിലെ മാലിന്യങ്ങൾ</u>

6687 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾ ഉപയോഗിച്ചുവരുന്ന കിണർവെള്ളം, കുളങ്ങളിലെ വെള്ളം എന്നിവയിൽ മാലിന്യത്തിന്റെ തോത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യം സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കുമോ?

# കേരള നിയമസഭ
# 01.11.2011-ലെ മറുപടിക്ക്

<u>കായലുകളിലെ മലിനീകരണം</u>

6688 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായലുകളിൽ മലിനീകരണം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) കായലുകളിലെ മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കൊറ്റി - കോട്ടപ്പുറം ഇൻലാൻഡ്</u>
<u>നാവിഗേഷൻ റൂട്ടിലെ യാത്രാസൗകര്യം</u>

6689 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊറ്റി - കോട്ടപ്പുറം ഇൻലാൻഡ് നാവിഗേഷൻ റൂട്ടിൽ യാത്രാസൗകര്യം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 01.11.2011-ലെ മറുപടിക്ക്

<u>കോവളം - കാസർഗോഡ് ദേശീയ ജലപാത</u>

6690 ശ്രീ. എ.കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഒരു ദേശീയ പാത നിർമ്മിക്കുന്നതിനേക്കാൾ ദേശീയ ജലപാത സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിഴിഞ്ഞം വാല്ലാർപാടം പദ്ധതികൾ യഥാർത്ഥ്യമാകുന്നതോടെ ചരക്ക്, വാഹന ഗതാഗതം സുഗമമാക്കുന്നതിന് ഇത് അത്യന്താപേക്ഷിതമായി തീരുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?